(സി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി, ഇ) 2003-04 വർഷത്തേയ്ക്ക് 2939 തസ്തികകൾക്ക് തുടർച്ചാനുമതി ആവശ്യപ്പെട്ട് സർവ്വെ ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) സെക്രട്ടറീസ് കമ്മറ്റി സർവ്വെ വകുപ്പിൽ 652 തസ്തികകൾ അധികമായി കണ്ടെത്തിയിട്ടുണ്ട്. ആയവ നിർത്തലാക്കാനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

റീസർവ്വെ പ്രവർത്തനം സമയബന്ധിതമായി തീർക്കാൻ നടപടി

13 [4988] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

റീസർവ്വെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി ആവിഷ്കരിച്ചിട്ടുണ്ട്. ആധുനിക സർവ്വെ ഉപകരണങ്ങളായ ടോട്ടൽ സ്റ്റേഷൻ, കമ്പ്യൂട്ടർ തുടങ്ങിയവയുടെ സഹായത്തോടെ 12 വർഷംകൊണ്ട് സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കാനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയതനുസരിച്ച് പ്രവർത്തിച്ചുവരുന്നു.

"ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ റിസർച്ച് ഓഫീസർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് നിയമനം"

14 [4989] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ റിസർച്ച് ഓഫീസർ തസ്തികയിൽ നിയമനത്തിനായി കഴിഞ്ഞ വർഷം ഇന്റർവ്യൂ പ്രകാരം തയ്യാറാക്കിയ റാങ്ക്ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു;

(സി) നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ഡി) ഈ ഒഴിവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) റിസർച്ച് ഓഫീസർ തസ്തികയിലേയ്ക്ക് സെലക്ഷൻ നടത്തി ഏറ്റവും അർഹതയുള്ള ഒരാളെ നിയമിച്ചുകഴിഞ്ഞതിനാൽ ഇനി ഒരു റാങ്ക് ലിസ്റ്റ് നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly